**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 631** **02-02-2023 - ൽ മറുപടിയ്ക്ക്**

**കേരള ഓട്ടോമൊബൈൽ ഇലക്ട്രിക് ഓട്ടോറിക്ഷ സ്പെയർ പാർട്സുകൾ യഥാസമയം ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കെ.എ.എൽ. നാളിതുവരെ സംസ്ഥാനത്തിന് അകത്തും പുറത്തുമായി എത്ര ഇലക്ട്രിക് ഓട്ടോ വിറ്റഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | **നാളിതുവരെ സംസ്ഥാനത്തിന് അകത്തും പുറത്തുമായി കേരള നീം - ജി ഇലക്ട്രിക് ആട്ടോ 231 എണ്ണവും കേരള ഗ്രീൻ സ്റ്റീം ഇ – കാർട്ട് 5 എണ്ണവും വില്പന നടത്തിയിട്ടുണ്ട്.** |
| (ബി) | കെ.എ.എൽ.ന്റെ കേരളത്തിലെ അംഗീകൃത ഡീലർമാരുടെ പേരുവിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (ബി) | ജില്ല തിരിച്ചുള്ള അംഗീകൃത ഡീലർമാരുടെ പേരു വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | കെ.എ.എൽ. ഇലക്ട്രിക് ഓട്ടോയുടെ സ്പെയർ പാർട്സുകൾ യഥാസമയം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ; വിശദമാക്കുമോ; | (സി) | കോവിഡ് മഹാമാരി മൂലം വിപണിയിലാകമാനമുണ്ടായ മാന്ദ്യം കാരണം സ്പെയർ പാർട്സ് യഥാസമയം ലഭിക്കുന്നതിന് കാലതാമസമുണ്ടായിരുന്നു. എന്നാൽ കേരള ആട്ടോ-മൊബൈൽസ് ലിമിറ്റഡ് ഇന്ത്യയിൽ തന്നെ നിർമ്മിക്കുന്ന സ്പെയർ പാർട്സുകൾ വാങ്ങി, സ്പെയർ പാർട്സ് ലഭ്യത ഉറപ്പുവരുത്തുകയും അതുവഴി കാര്യക്ഷമമായ സർവ്വീസ് നൽകുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നതിന് കൂടുതൽ പേർക്ക് ഡീലർഷിപ്പ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ഡി) | സ്വീകരിച്ചിട്ടുണ്ട്. ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നതിന് കൂടുതൽ ഡീലർമാരെ നിയമിക്കാനായി നിലവിൽ സൺലിറ്റ് പവർ പ്രൈവറ്റ് ലിമിറ്റഡിന് കേരളം, മഹാരാഷ്ട്ര എന്നീ സംസ്ഥാന-ങ്ങളിൽ ഡിസ്ട്രിബ്യൂഷൻഷിപ്പ് നൽകിയിട്ടുണ്ട്. |
| (ഇ) | ഒരേ മോഡൽ വണ്ടിക്കും ഡീലർമാർ വ്യത്യസ്ത വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വില ഏകീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | ജില്ല | ഡീലർ |
|---|---|---|
| 1. | ആലപ്പുഴ | KIT Enterprises,<br>SSe Motors - Cherthala |
| 2. | കോട്ടയം | Go Green Environmental Sustainable Solution - Pala,<br>KE e-Autos - Vaikom |
| 3. | എറണാകുളം | Wheels 2 Green |
| 4. | കോഴിക്കോട് | Elec Tech Motors - Vadakara |
| 5. | കണ്ണൂർ | Bharadon India Pvt. Ltd. |

സെക്ഷൻ ഓഫീസർ